## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 184** **12-10-2021 - ൽ മറുപടിയ്ക്ക്**

## ജി.എസ്.ടി. വകുപ്പിന്റെ പുന:സംഘടന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. എ. രാജ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. നടപ്പിലായതോടെ നികുതി ഭരണത്തിൽ ഉണ്ടായ മാറ്റത്തിനനുസൃതമായി ജി.എസ്.ടി. വകുപ്പിനെ പുന:സംഘടിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ജി.എസ്.ടി നടപ്പിലായതോടെ സംസ്ഥാനത്തെ നികുതി ഭരണ സംവിധാനത്തിലും കാതലായ മാറ്റങ്ങൾ അനിവാര്യമായി വന്നു. നികുതി വകുപ്പിന്റെ പുന:സംഘടന സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 13.08.2018 ലെ G.O.(Rt) No.593/2018/TAXES പ്രകാരം ഒരു ഉന്നതതല സമിതി രൂപീകരിച്ചു. പ്രസ്തുത സമിതി ലഭ്യമാക്കിയ പുന:സംഘടനാ നിർദ്ദേശങ്ങൾ, ബന്ധപ്പെട്ട സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്ത് പരിശോധിച്ച് വരുകയാണ്. ജി.എസ്.ടി നടപ്പിലാക്കിയപ്പോൾ നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ജി.എസ്.ടി വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക പദവികൾ (Designation) സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരുത്താതെ മറ്റ സംസ്ഥാനങ്ങളുടേതിന് തുല്യമായി ഉയർത്തിയിട്ടുണ്ട്. ജി.എസ്.ടി നടപ്പിലാക്കിയതോടെ സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിൽ അധികമായി വന്ന 234 ഓഫീസ് അറ്റന്റന്റ് തസ്തികകളിൽ 26 എണ്ണം സംസ്ഥാന ലോട്ടറി വകുപ്പിലേയ്ക്കും, 208 എണ്ണം പഞ്ചായത്ത് വകുപ്പിലേയ്ക്കും വിന്യസിച്ചിട്ടുണ്ട്. പുന: സംഘടനയുടെ ഭാഗമായി 16 ഓഡിറ്റ് ടീമുകൾ രൂപീകരിക്കുന്നതിനായി വകുപ്പിൽ ലഭ്യമായ ജീവനക്കാരെ ഉൾപ്പെടുത്തി ട്രെയിനിങ് നൽകി കഴിഞ്ഞു. |
| (ബി) | ഉപഭോക്താക്കളിൽനിന്നും ഉല്പന്ന വിലയോടൊപ്പം ഈടാക്കുന്ന നികുതിപ്പണം ഖജനാവിലേക്ക് അടയ്ക്കാതെ വ്യാപാരികൾ തങ്ങളുടെ ലാഭം വർദ്ധിപ്പിക്കാൻ ഉപയോഗിക്കുന്നത് അവസാനിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ഫലപ്രദമായിട്ടുണ്ടോ; | (ബി) | ഉപഭോക്താക്കളിൽ നിന്നും ഉല്പന്നവിലയോടൊപ്പം ഈടാക്കുന്ന നികുതിപ്പണം ഖജനാവിലേയ്ക്ക് അടക്കാത്ത വ്യാപാരികളുടെ റിട്ടേണുകൾ പരിശോധിച്ച് നികുതി നിർണ്ണയം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന് മുൻഗണന പട്ടിക |

| | | | |
|---|---|---|---|
| | | | തയ്യാറാക്കിയ കേസുകളിൽ പരിശോധനകൾ, സമയബന്ധിതമായും കാര്യക്ഷമമായും നടത്തി നികുതി നിർണ്ണയം സമയബന്ധിതമായി തീർപ്പാക്കുന്നതിന് വേണ്ടി നികുതി നിർണ്ണയത്തിന് അനിവാര്യമായ മാനദണ്ഡങ്ങൾ നിശ്ചയിച്ച്, ആയത് നികുതി നിർണയ അധികാരികളുടെ ഡാഷ് ബോർഡിൽ ലഭ്യമാക്കിയിട്ടുണ്ട്. ജി.എസ്.ടി യിൽ ഫയൽ ചെയ്ത വിവരങ്ങളെ അടിസ്ഥാനമാക്കി ദേശിയ തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തലത്തിലും റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കിയിട്ടുണ്ട്. വിറ്റുവരവിലുള്ള വ്യത്യാസം, ഇൻപുട്ട് ടാക്സ് ക്രഡിറ്റിലുള്ള വ്യത്യാസം, ഇ-വേ ബിൽ ഡിക്ലെയർ ചെയ്ത തുകയിലുള്ള വ്യത്യാസം, ടി.ഡി.എസ്/ ടി.സി.എസ് റിട്ടേണുകളിൽ ഉള്ള വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കിയാണ് റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ നൽകുന്നത്. ജി.എസ്.ടി പൂർണ്ണമായും വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ഒരു നികുതി വ്യവസ്ഥയാണ്. നികുതി ദായകൻ്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി നെറ്റ് വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനത്തിനും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിനും വേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലിസ്റ്റിക്കുകൾ രൂപീകരിച്ചിട്ടുണ്ട്. വർഷാന്ത്യ റിട്ടേണുകളിൽ സൂക്ഷ്മ പരിശോധനയും ഓഡിറ്റും നടത്തി നികുതി വെട്ടിപ്പും തെറ്റായ ഇൻപുട്ട് ടാക്സ് ക്രഡിറ്റും കണ്ടെത്തി നികുതി നിർണ്ണയങ്ങൾ സമയബന്ധിതമായി തീർപ്പാക്കുന്നുണ്ട്. |
| (സി) | ചെക്ക്പോസ്റ്റുകൾ ഇല്ലാതായതിനെ തുടർന്ന് ഏർപ്പെടുത്തിയ ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനവും ഇ-വേ ബിൽ സംവിധാനവും കാര്യക്ഷമമാണോ; വ്യക്തമാക്കുമോ; | (സി) | 01/04/2018 മുതലാണ് ഇന്ത്യയിൽ ഇ-വേബിൽ സമ്പ്രദായം നടപ്പിലാക്കിയത്. 50,000/- രൂപക്ക് മുകളിൽ മൂല്യമുള്ള ചരക്കുനീക്കത്തിനാണ് നിലവിൽ ഇ -വേ ബിൽ നിർബന്ധമാക്കിയിട്ടുള്ളത്. 15/04/2018 മുതൽ കേരളത്തിനകത്തുള്ള ചരക്കുനീക്കത്തിനും ഇ-വേബിൽ നിർബന്ധമാക്കി. ഈ സംവിധാനം നിലവിൽ വന്നതോടെ വ്യാപാരി നടത്തുന്ന പ്രധാനപ്പെട്ട എല്ലാ ചരക്കുനീക്കങ്ങളുടെയും വിവരങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ നികുതി നിർണ്ണയ അധികാരിക്ക് ലഭ്യമാക്കുന്നു. അത് പ്രകാരം വ്യാപാരികൾ റിട്ടേൺ മുഖേന വെളിപ്പെടുത്തുന്ന വ്യാപാര വിവരങ്ങൾ ടി സംവിധാനത്തിൽ വെളിപ്പെടുത്തിയ വിവരങ്ങളുമായി താരതമ്യം ചെയ്യാൻ ഇ-വേ ബിൽ നികുതി നിർണ്ണയ അധികാരിക്ക് സാധ്യമാകുന്നു. ഇതുവഴി വ്യാപാരികൾ നികുതിവെട്ടിപ്പ് നടത്തുന്നുണ്ടോ എന്ന് |

| | | | |
|---|---|---|---|
| | | | വിലയിരുത്താനും നികുതി ചോർച്ചതടയുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും കഴിയുന്നു. അതിർത്തികളിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനും വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനും വേണ്ടി പ്രധാനപ്പെട്ട പ്രദേശങ്ങളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ഇത് എ.എൻ.പി.ആർ സിസ്റ്റവുമായി ബന്ധപ്പെടുത്തി മതിയായ രേഖകൾ (ഇ - വേ ബിൽ) ഇല്ലാതെ കടന്നു വരുന്ന ചരക്കു വാഹനങ്ങളുടെ വിവരം ഉടൻ തന്നെ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന് ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. ഒൻപതു ജില്ലകളിലായി ഇരുപത്തിരണ്ടു സ്ഥലങ്ങളിൽ എ.എൻ.പി.ആർ ക്യാമറകൾ സ്ഥാപിച്ചു ഫലപ്രദമായി നിരീക്ഷിച്ചു വരുന്നു. |
| (ഡി) | നിലവിലുള്ള ഡാറ്റാ അനലിറ്റിക്കൽ സംവിധാനത്തെക്കുറിച്ച് അറിയിക്കാമോ? | (ഡി) | കേരള ഡിജിറ്റൽ സർവ്വകലാശാലയുടെ സാങ്കേതിക സഹായത്തോടെ 2019 - 20 സാമ്പത്തിക വർഷത്തിലാണ് ചരക്കു സേവന നികുതി വകുപ്പിൽ ഡാറ്റ അനലിറ്റിക്സ് യൂണിറ്റ് സ്ഥാപിച്ചത്. ഡാറ്റ അനലിറ്റിക്സ് സംവിധാനത്തിലൂടെ കേരളത്തിലുള്ള വ്യാപാരികളെ അവരുടെ വ്യാപാര മേഖലയുടെ അടിസ്ഥാനത്തിൽ തരം തിരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഇതിലൂടെ ഓരോ മേഖലയുടെയും വ്യാപാര വളർച്ചകളും താഴ്ചകളും നികുതി വരുമാനത്തിലെ ഏറ്റക്കുറച്ചിലുകളും താരതമ്യപഠനം നടത്തി വ്യതിയാനമുള്ളവരെ കണ്ടെത്തി വിശദ പരിശോധനയ്ക്കായി നികുതി നിർണ്ണയ അധികാരിയ്ക്ക് ലഭ്യമാക്കി വരുന്നു. നിയമപ്രകാരം അനുവദനീയമല്ലാത്ത ഇൻപുട് ക്രെഡിറ്റ് സ്വീകരിക്കാൻ സാധ്യതയുള്ള വ്യപാരികളെ കണ്ടെത്തി വിവരങ്ങൾ കൂടുതൽ പരിശോധനകൾക്കായി നികുതി നിർണ്ണയ അധികാരിയ്ക്ക് ലഭ്യമാക്കി വരുന്നു. വ്യാപാരികൾ വിവിധ സ്രോതസ്സുകളിൽ വെളിപ്പെടുത്തിയ വിവരങ്ങൾ വിവിധ സർക്കാർ ഏജൻസികളിൽ നിന്ന് ശേഖരിച്ച് ക്രോഡീകരിച്ച രൂപത്തിൽ നികുതി നിർണ്ണയ അധികാരിയ്ക്ക് ലഭ്യമാക്കി വരുന്നു. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വ്യാപാരി സമർപ്പിക്കുന്ന നികുതി റിട്ടേണിന്റെ കൃത്യത പരിശോധിക്കാൻ നികുതി നിർണ്ണയ അധികാരിയ്ക്ക് സാധിക്കുകയും കൃത്രിമം കാട്ടുന്ന വ്യാപാരികൾക്കെതിരെ നടപടി സ്വീകരിച്ചു നികുതി ചോർച്ച തടയുന്നതിനും സാധിക്കുന്നു. ഓരോ വ്യാപാരിയുടെയും നികുതി റിട്ടേൺ സമർപ്പിക്കുന്നതിലെ സമയ നിഷ്ഠയും, വിവരങ്ങളിലെ കൃത്യതയും തിട്ടപ്പെടുത്തി പ്രൊഫൈൽ കാർഡ് |

| | | | |
|---|---|---|---|
| | | | തയ്യാറാക്കി സൂക്ഷ്മനിരീക്ഷണത്തിനായി നികുതി നിർണ്ണയ അധികാരികൾക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ